## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ (പൊതുജനാരോഗ്യം) നടപടിക്രമം

വിഷയം:-ആ.വ.ഡ.-ജീവനക്കാര്യം- ഇടുക്കി ദേവികുളം സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ശ്രീ.വിനോദ് കുമാറിന് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II ലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. 29/09/2018 ലെ ഇജി 4-41950/2016/ആ.വ.ഡ ഉത്തരവ്

2. നം.ഇസി 1-43144/2017/ആ.വഡ , തീയതി- 28/05/2019

**ഉത്തരവ്നമ്പർ.ഇ.ജി4- 41950/2016/ആ.വ.ഡ,തീയതി : 15/06/2019**

പരാമർശം (1) പ്രകാരം ഇടുക്കി ദേവികുളം സാമൂഹിക ആരോഗ്യകേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ശ്രീ.വിനോദ് കുമാർ പി.എം നെ (പരാമർശം (1) ഉത്തരവിലെ ക്രമ നം. 198 , റാങ്ക് നം. 260 ) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി പത്തനംതിട്ട ജില്ലയിലേക്ക് നിയമനം നൽകിയിരുന്നു. എന്നാൽ 30/12/2016 മുതൽ ടി വ്യക്തി അനധികൃതാവധിയാണെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിൻ പ്രകാരം കുറ്റാരോപണ മെമ്മോ നൽകി ടിയാനെതിരെ അച്ചടക്കനടപടി ഈ കാര്യാലയത്തിൽ നിന്നും ആരംഭിക്കുകയുണ്ടായി.

ആയതിനാൽ അനധികൃതാവധിയിൽ തുടരുകയും അച്ചടക്കനടപടി നിലവിലുള്ളതുമായ ടി വ്യക്തിക്ക് പരാമർശം (1) ലെ ഉത്തരവിലൂടെ തെറ്റായി നൽകിയ സ്ഥാനക്കയറ്റം ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ് )
ഡോ.മീനാക്ഷി വി
അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം)

സ്വീകർത്താവ്-

ശ്രീ.വിനോദ്കുമാർ പി.എം
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I
(സ്ഥാപനമേധാവി മുഖേന)

പകർപ്പ്-

1. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി/പത്തനംതിട്ട
2. ജില്ലാ മെഡിക്കൽ ഓഫീസർ ഇൻചാർജ് , സി.എച്ച്.സി ദേവികുളം, ഇടുക്കി
3. സീനിയർ സൂപ്രണ്ട് , ഇ സി സെക്ഷൻ
4. ഫയൽ /കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം സൂപ്രണ്ട്//

ANJ

GOVERNMENT OF KERALA 2017-18